# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തരിയോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: P1-KSA-WYD/344

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 10/05/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തരിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: P1-KSA-WYD/344 തീയ്യതി: 10/05/2021

# വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-08-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.കെ . ഉണ്ണി | ഡെപ്യൂട്ടി ഡയറക്ടർ | 16-03-2021 | 29-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-03-2021 | 29-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഷാജി. ഇ. കെ - ഓഡിറ്റ് ഓഫീസർ
ശ്രീ നവാസ്.കെ.എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു. കെ. നായർ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഷീജ ആന്റണി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി പി കെ ഇന്ദിര | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ സുകുമാരൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബിജു കെ എൽ | ടി. ഇ. ഒ | 01-04-2019 | 31-03-2020 |
| ശ്രീ ഈശ്വരപ്രസാദ് സി | കൃഷി ഓഫീസർ | 01-04-2019 | 08-10-2019 |
| ശ്രീ. ജയരാജൻ എം. | കൃഷി ഓഫീസർ | 11-10-2019 | 31-03-2020 |
| ഡോ. മുഹമ്മദ് കുട്ടി | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി എം സുമിത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 11-10-2019 |
| ശ്രീമതി ഗീത. എൻ. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 27-10-2019 | 31-03-2020 |
| ഡോ. സിറാജുദ്ധീൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീ ടോമി എബ്രഹാം | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ഫ്ലോറി പി സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 17-10-2019 |
| ശ്രീ ഹരീഷ് എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18-10-2019 | 31-03-2020 |

12.10.2019 മുതൽ 26.10.2019 വരെയുള്ള കാലയളവിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ നിർവഹണ ഉദ്യോഗസ്ഥൻ ഇല്ലായിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.M.Navaz (Asst. Audit Officer, On 25-04-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 25-04-2021) | 1-1 |
| 2 | വാർഷിക കണക്കുകൾ<br>Written By: Indu K Nair (Auditor, On 05-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-2 |
| 3 | ധനകാര്യപത്രിക പൂർണ്ണമല്ല.<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-2-1 |
| 4 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-2-2 |
| 5 | സാമ്പത്തിക വിശകലനം<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: K.M.Navaz (Asst. Audit Officer, On 25-04-2021) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: K.M.Navaz (Asst. Audit Officer, On 05-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Shaji E.K (Audit Officer, On 05-04-2021)<br>Last Updated By: Shaji E.K (Audit Officer, On 27-04-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.M.Navaz (Asst. Audit Officer, On 05-04-2021)<br>Last Updated By: Shaji E.K (Audit Officer, On 27-04-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-8 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Shaji E.K (Audit Officer, On 25-04-2021) | 1-10 |
| 12 | ബഡ്ജറ്റും യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Shaji E.K (Audit Officer, On 30-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-11 |
| 13 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ -ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചു<br>Written By: Shaji E.K (Audit Officer, On 30-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-11-1 |
| 14 | ബജറ്റിൽ വകയിരുത്തിയതിലും കുറഞ്ഞ നിരക്കിൽ തുക ചെലവഴിച്ചു.<br>Written By: Shaji E.K (Audit Officer, On 30-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-11-2 |
| 15 | എസ്റ്റാബ്ളിഷ് മെന്റ് ചെലവുകൾ- ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.<br>Written By: Shaji E.K (Audit Officer, On 30-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-11-3 |

| | | |
|---|---|---|
| 16 | വകയിരുത്തിയതിലും കുറഞ്ഞ തുക ചെലവഴിച്ചു.<br>Written By: Shaji E.K (Audit Officer, On 30-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-11-4 |
| 17 | സംരക്ഷണ നടത്തിപ്പ് ചെലവുകൾ- ബജറ്റിൽ വകയിരുത്തൽ ഇല്ലാതെ ചെലവഴിച്ചു.<br>Written By: Shaji E.K (Audit Officer, On 01-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-11-5 |
| 18 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 31-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-12 |
| 19 | തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: K.M.Navaz (Asst. Audit Officer, On 31-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-13 |
| 20 | വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 31-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-14 |
| 21 | കരാറുകാരന് അധികം തുക നൽകി<br>Written By: K.M.Navaz (Asst. Audit Officer, On 31-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-15 |
| 22 | GST ബിൽ ഹാജരാക്കിയിട്ടില്ല.<br>Written By: K.M.Navaz (Asst. Audit Officer, On 31-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-16 |
| 23 | ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചോ എന്ന് ഉറപ്പുവരുത്താനായില്ല.<br>Written By: Shaji E.K (Audit Officer, On 31-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-17 |
| 24 | മെഡിക്കൽ ഓഫീസർ ഹോമിയോ- എൻ. ആർ.എച്ച്.എം- പദ്ധതിപ്പണം അറ്റൻഡർക്ക് വേതനം നൽകുന്നതിനായി ചെലവഴിച്ചു<br>Written By: Shaji E.K (Audit Officer, On 31-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-18 |
| 25 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.<br>Written By: Shaji E.K (Audit Officer, On 01-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-19 |
| 26 | നിഷ്ക്രിയ അക്കൗണ്ട് - തുക തിരിച്ചടച്ചത് - രേഖകൾ ഹാജരാക്കിയില്ല.<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1- 20 |
| 27 | ലൈഫ് രണ്ടാം ഘട്ടം - അഡ്വാൻസ് നലകിയിട്ടും നാളിതുവരെയായിട്ടും ഭവന നിർമ്മാണം ആരംഭിച്ചില്ല.<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 1-21 |
| 28 | ടി. ഇ. ഒ - പദ്ധതി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.<br>Written By: Indu K Nair (Auditor, On 07-04-2021)<br>Last Updated By: Shaji E.K (Audit Officer, On 06-05-2021) | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |

| | | |
|---|---|---|
| 1 | കരാറുകാരന് അധികം തുക നൽകി<br>Written By: K.M.Navaz (Asst. Audit Officer, On 31-03-2021)<br>Last Updated By: Shaji E.K (Audit Officer, On 06-05-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Shaji E.K (Audit Officer, On 06-05-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Unni P.K (Deputy Director, On 20-04-2021) | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaji E.K (Audit Officer, On 28-03-2021)<br>Last Updated By: Shaji E.K (Audit Officer, On 25-04-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ ബഡ്ജറ്റ് യഥാർത്ഥ വരവുചെലവുകളുമായി വളരെ അന്തരമുള്ളതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ_വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലും ചില ഇനങ്ങൾക്ക് കുറവും തുക ചെലവഴിച്ചിട്ടുണ്ട്.

<u>എസ്റ്റാബ്ളിഷ് മെന്റ് ചെലവുകൾ</u>

2019-20 വർഷം സ്ഥാപനം എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്കായി 1,02,73,300 ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 87,18,840/- രൂപയാണ്.

<u>അഡ് മിനിസ്ട്രേറ്റീവ് ചെലവുകൾ</u>

അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി 8,95,500/-രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 8,02,348/- രൂപയാണ്.

<u>സംരക്ഷണവും നടത്തിപ്പും (Operations & Maintenance)</u>

സംരക്ഷണ നടത്തിപ്പ് ചെലവുകൾക്കായി 10,35,000/-രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 12,33,572/- രൂപയാണ്.
ഖണ്ഡികകൾ 1-11 മുതൽ 1-11(5 ) വരെ കാണുക.

### 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 12.06.2020 | --- | --- |

### 1-2-1 ധനകാര്യപത്രിക പൂർണ്ണമല്ല.

കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപെടുത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2019-20 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല. സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടുമില്ല.

### 1-2-2 വാർഷിക കണക്കിലെ അപാകതകൾ

1)ബാലൻസ് ഷീറ്റിലെ പല ബാധ്യതകളും (B-4 ) അനുബന്ധ ആസ്തികളുമായി (B-17) പൊരുത്തപ്പെടുന്നില്ല. സംയുക്ത പ്രോജക്ടുകളുടെ ബാധ്യതയായി ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ₹1297686/ (7,85,497 + 512189) ആണ് രേഖപ്പെടുത്തിയിട്ടുള്ളത് .എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് നീക്കിയിരിപ്പ് ₹1178321/- രൂപയാണ്.

2) ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള എം.എൻ.ആർ.ഇ.ജി.എ, ബി.ആർ.ജി.എഫ്, സംയുക്ത പ്രോജക്ടുകൾ, സാക്ഷരത എന്നിവ ഒഴികെയുള്ളവയ്ക്ക് പ്രത്യേക ബാങ്ക് അക്കൗണ്ടുകളില്ല. മറ്റ് ഫണ്ടുകളുടെ വരവ് ചെലവുകളുടെയും നീക്കിയിരിപ്പിന്റെയും വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

3) ബി-4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമായി 38,131 രൂപ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

4) ബി-9ഷെഡ്യൂളിൽ Other Creditors Head ൽ 2,44,381 രൂപയും, Other Liabilities ൽ 13,545,രൂപയും നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

5) ബി-18 ഷെഡ്യൂളിൽ വിവിധ അഡ്വാൻസ് ഹെഡുകളിൽ നൽകിയ മുൻകൂറുകൾ രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

6) .RP – 7 ഷെഡ്യൂളിൽ State Sponsored Scheme Others എന്ന ഹെഡിൽ 3,42,000/- രൂപയും, സംയുക്ത പ്രൊജക്ട് - ജില്ലാ പഞ്ചായത്ത് എന്ന ഹെഡിൽ 5,70,000 രൂപയും വരവുണ്ട്. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

7). RP – 31 ൽ CSS – ICDS , Fund For Specific Purpose – Other Govt. Agencies എന്ന ഹെഡുകളിലായി ലഭിച്ച തുക നൽകിയ ഏജൻസി, ചെലവഴിച്ചതിന്റെയും , നീക്കിബാക്കിയുടെയും വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.
8 ) RP – 31 ൽ സംയുക്ത പ്രൊജക്ടുകൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 13 ലക്ഷം രൂപയും , ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. പദ്ധതി, ചെലവ് , നീക്കിബാക്കി എന്നിവയുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

9) RP – 36 ൽ Refund Of Unutilised Grants Of Prior Period എന്ന ഹെഡിൽ 10,000രൂപ തിരിച്ചടച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

10). RP – 32 ൽ Loan From KURDFC - എന്ന ഹെഡിൽ 16,59, 770 രൂപ വരവും, B-5 ൽ തിരിച്ചടവാക്കാനുള്ള വായ്പതുക 63,66,706 രൂപയുമാണ്. ഹാജരാക്കിയ വായ്പ രജിസ്റ്ററിലെ തുകകളുമായി ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു. അപാകതകൾ പരിഹരിച്ച് ഹാജരാക്കേണ്ടതാണ്.

11)വസ്തുനികുതിയിനത്തിൽ രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ബാലൻസ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

| ഹെഡ് | രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| ബാലൻസ് | 101910 ( സെസ്സ് ഇല്ലാതെ ) | 96196( ( സെസ്സ് ഉൾപ്പെടെ )<br>91,386( സെസ്സ് ഇല്ലാതെ ) |

12) കെട്ടിട വാടക കുടിശ്ശിക ഡി.സി.ബി. രജിസ്റ്റർ ഹാജരാക്കേണ്ടതാണ്.

13)Sale Of Tender Form എന്ന വരവ് ഹെഡിൽ 1,72,200/- രൂപ വരവ് ഉണ്ട് .എന്നാൽ ടെണ്ടർ ഫോറം സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ, കളക്ഷൻ രജിസ്റ്റർ എന്നിവ ഹാജരാക്കേണ്ടതാണ്.

14) ജീവനക്കാരുടെ തൊഴിൽനികുതിയിനത്തിൽ രജിസ്റ്റർ പ്രകാരം കളക്ഷൻ 9,19,880/- രൂപയും, വാർഷിക കണക്ക് പ്രകാരം 905630/- രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

15)ഡിപ്രീസിയേഷൻ ,വർക്ക് ഇൻ പ്രോഗ്രസ് എന്നിവയുടെ വർക്ക് ഷീറ്റ് ഹാജരാക്കേണ്ടതാണ്.

16) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 02/ 19-20 / 24.03.2021) മറുപടി ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20492916.6 |
| | |

| | |
|---|---|
| വരവ് | 51817004 |
| ആകെ | 72309920.6 |
| ചെലവ് | 48576188 |
| നീക്കിയിരിപ്പ് | 23733732.6 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |
| ഓഡിറ്റിൽ നിരാകരിച്ച തുക | 8228/- |
| | |

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9721722 | 9721722 | 8688972 | 1032750 | ജി. ഒ പദ്ധതി കൾക്കായി 6,14,278/- രൂപ കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് തൻവർഷ വരവായി കാണിച്ചിരിക്കുന്നത്. |
| വികസനഫണ്ട് എസ്.സി.പി. | 0 | 533882 | 533882 | 533882 | 0 | ജി. ഒ പദ്ധതി കൾക്കായി 44,118/- രൂപ കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് തൻവർഷ വരവായി കാണിച്ചിരിക്കുന്നത്. |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6507588 | 6507588 | 3950563 | 2557025 | ജി. ഒ പദ്ധതി കൾക്കായി 29,412/- രൂപ കുറവ് ചെയ്തതിനു ശേഷമുള്ള തുകയാണ് തൻവർഷ വരവായി കാണിച്ചിരിക്കുന്നത്. |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6191000 | 6191000 | 3565484 | 2625516 | -- |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3251000 | 3251000 | 2828160 | 422840 | -- |
| ധനകാര്യ | 0 | 7900948 | 7900948 | 3388026 | 4512922 | -- |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| ബി. ആർ. ജി. എഫ് | 13,524 | 529 | 14053 | 118 | 13935 | -- |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ- | | | | | | |
| സാക്ഷരത മിഷൻ ഗ്രാന്റ് | 1015 | 39 | 1054 | 30 | 1024 | -- |

സംയോജിത ശിശുവികസന പദ്ധതിക്കായി തൻവർഷം കേന്ദ്രവിഹിതമായി 10,78,877/- രൂപയും, ശുചിത്വ മിഷൻ ഗ്രാന്റായി 22,000/- രൂപയും (വാർഷിക കണക്ക് ആർ. പി - 31 ) ലഭിച്ചിട്ടുണ്ട്. ഈ ഗ്രാന്റുകൾക്ക് പ്രത്യേക അക്കൗണ്ട് ഇല്ലാത്തതിനാലും, എ. സി. ആർ സൂക്ഷിക്കാത്തതിനാലും ഇവയുടെ മുൻബാക്കി, നീക്കിബാക്കി എന്നിവയുടെ വിവരം ലഭ്യമല്ലാത്തതിനാൽ വിശദാംശങ്ങൾ ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ ലഭ്യമാകാവുന്നതിലും അധിക തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ (A) | ഗ്രാന്റിനം (B) | പദ്ധതിയിൽ വകയിരുത്തിയ തുക (ചെലവ് പത്രിക ) (C) | തൻവർഷത്തെ അലോട്ട്മെന്റ് (അനുബന്ധം IV ) (D) | അധികം / കുറവ് വകയിരുത്തിയ തുക (E= C -D)) | തൻവർഷ ചെലവ് (ചെലവ് പത്രിക ) (F) | ചെലവ് % (G = F/ CX100) |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് പൊതുവിഭാഗം | 1,29,99,278 | 1,03,36,000 | 26,63,278 | 93,03,250 | 71.56% |
| 2 | വികസനഫണ്ട് എസ്.സി.പി. | 6,22,118 | 5,78,000 | 44,118 | 5,78,000 | 92.9% |
| 3 | വികസനഫണ്ട് ടി.എസ്.പി. | 77,30,812 | 65,37,000 | 11,93,812 | 39,79,975 | 51.48% |
| 4 | സംരക്ഷണഗ്രാന്റ് റോഡ് | 73,91,000 | 61,91,000 | 12,00,000 | 35,68,484 | 48.28% |
| 5 | സംരക്ഷണഗ്രാന്റ് നോൺറോഡ് | 38,92,200 | 32,51,000 | - 6,41,200 | 28,28,160 | 72.66% |

ഗ്രാമപഞ്ചായത്തിന് പരമാവധി ലഭ്യമാകുന്നതിലും അധികം തുകയ്ക്ക് പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി മാർഗ്ഗരേഖ നിർദ്ദേശത്തിന് വിരുദ്ധമാണ്. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 11/2018/തസ്വഭവ, തീയതി 29.11.2018) ഖണ്ഡിക 3.4.1(3) പ്രകാരം വികസനഫണ്ട്, സംരക്ഷണ ഫണ്ട് വിഹിതങ്ങൾ സംസ്ഥാന ബഡ്ജറ്റിലെ അനുബന്ധം IV പ്രകാരമുള്ള തുകയ്ക്ക് അനുസൃതമായിരിക്കണം. വാർഷിക പദ്ധതിയിൽ വൻതുക വകയിരുത്തുന്നുണ്ടെങ്കിലും ചെലവിന്റെ ശതമാനവും നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണവും വളരെ കുറവാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ വിഭവശേഷി അനുസരിച്ച് പ്രോജക്ടുകളുടെ എണ്ണവും അടങ്കലും നിശ്ചയിക്കേണ്ടതും വിഭാവനം ചെയ്യുന്ന പ്രോജക്ടുകളെല്ലാം മുൻഗണന ക്രമത്തിൽ നടപ്പിലാക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | ക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 131 | 5,94,13,770 | 75 | 3,20,58,564 | -- | 56 | 57.25 |

വിവിധ ഫണ്ടുകളുപയോഗിച്ച് മേഖലാടിസ്ഥാനത്തിൽ തയ്യാറാക്കിയ പദ്ധതികളുടെ എണ്ണവും, ചെലവ് വിവരങ്ങളും ചുവടെ കൊടുക്കുന്നു.

1) വികസന ഫണ്ട് - ജനറൽ

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 6 | 2984900 | 1421650 | 1563250 |
| സേവനം | 20 | 35288541 | 6091334 | 29197207 |
| പശ്ചാത്തലം | 9 | 3281837 | 1790266 | 1491571 |
| ആകെ | 35 | 41555278 | 9303250 | 32252028 |

2) വികസന ഫണ്ട് - എസ്.സി.പി

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | -- | -- | -- | --- |
| സേവനം | 4 | 2578118 | 578000 | 2000118 |
| പശ്ചാത്തലം | --- | --- | --- | --- |
| ആകെ | 4 | 2578118 | 578000 | 2000118 |

3) വികസന ഫണ്ട് - ടി.എസ്.പി

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 2 | 992000 | 277681 | 714319 |
| സേവനം | 19 | 22779412 | 3098445 | 19680967 |
| പശ്ചാത്തലം | 9 | 1359400 | 603849 | 755551 |
| ആകെ | 30 | 25130812 | 3979975 | 21150837 |

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ്

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| സേവനം | 7 | 3077522 | 968622 | 2108900 |
| പശ്ചാത്തലം | 17 | 7504778 | 2419404 | 5085374 |
| ആകെ | 24 | 10582300 | 3388026 | 7194274 |

5) മെയിന്റനൻസ് ഗ്രാന്റ് (റോഡ്)

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പശ്ചാത്തലം | 11 | 8691000 | 3565484 | 5125516 |
| ആകെ | 11 | 8691000 | 3565484 | 5125516 |

6) മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്)

| മേഖല | പ്രൊജക്ടുകളുടെ എണ്ണം | അലോക്കേഷൻ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഉല്പാദനം | 3 | 675000 | 322069 | 352931 |
| സേവനം | 11 | 5646000 | 2300670 | 3345330 |
| പശ്ചാത്തലം | 10 | 1592400 | 205421 | 1386979 |
| ആകെ | 24 | 7913400 | 2828160 | 5085240 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2,62,139 | 57,63,077 | 60,25,216 | 46,28,831 | 13,96,385 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,84,23,932 | 1,84,23,932 | 1,84,23,932 | |
| ആകെ | 2,62,139 | 2,41,87,009 | 2,44,49,148 | 2,30,52,763 | 13,96,385 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 13,02,600 | 258 |
| വിധവാപെൻഷൻ | 22,51,800 | 425 |
| വാർദ്ധക്യകാലപെൻഷൻ | 34,90,200 | 787 |
| വികലാംഗപെൻഷൻ | 6,71,400 | 125 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 72,000 | 14 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/03/2021 ന് 3.30pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 94358/- (തൊണ്ണൂറ്റിനാല് ലക്ഷത്തി മൂന്നൂറ്റി അമ്പത്തി എട്ട് )രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് ആക്ട് ,1994(വകുപ്പ് 204) പ്രകാരം ഓരോ അർദ്ധവർഷവും ജീവനക്കാരന് ലഭിക്കുന്ന ആകെ വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിൽ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തൊഴിൽനികുതി നിരക്ക് 3-ാം ചട്ടത്തിൽ വ്യക്തമാക്കിയിട്ടുണ്ട്

2019 – 20 വർഷം ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാർ അർദ്ധവാർഷിക വരുമാനത്തിനനുസരിച്ച് തൊഴിൽനികുതി അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ. നം | പേര് , | സ്ഥാപനം | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | പ്രസന്നകുമാരി | ബ്രഡ് & ബട്ടർ | 48000 ( 1 -ാം അർദ്ധവർഷം ) | 300 | 450 | 150 |
| 2 | ഷീബ സജി | " | 48000 ( 1 -ാം അർദ്ധവർഷം ) | 300 | 450 | 150 |
| 3 | ശാന്ത. പി | വെറ്ററിനറി ഡിസ്പെൻസറി | 1,51,200 ( 2 -ാം അർദ്ധവർഷം ) | 1000 | 1250 | 250 |
| 4 | രമ്യ കൃഷ്ണൻ | ജി.എച്ച്. എസ്. എസ് തരിയോട് | 31800 | 180 | 300 | 120 |
| 5 | പ്രസന്നകുമാരി | ബ്രഡ് & ബട്ടർ | 48000 ( 2 -ാം അർദ്ധവർഷം ) | 300 | 450 | 150 |
| 6 | ഷീബ സജി | " | 48000 ( 2 -ാം അർദ്ധവർഷം ) | 300 | 450 | 150 |
| 7 | ബിൻസി ബിജു | " | 48000 ( 2 -ാം അർദ്ധവർഷം ) | 300 | 450 | 150 |
| | ആകെ | | | | | 1120 |

അവശേഷിക്കുന്ന നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിശദാംശങ്ങളും . തെറ്റായ വിവരങ്ങൾ സമർപ്പിച്ച സ്ഥാപന മേധാവിയിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിശദാംശങ്ങളും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 03/ 19-20 / 25.03.2021 ) മറുപടി ഹാജരാക്കിയിട്ടില്ല.

അർദ്ധ വാർഷിക വരുമാനത്തിനനുസരിച്ച് ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

മേൽ പട്ടികയിൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും ഒടുക്കുവാനവശേഷിക്കുന്ന തൊഴിൽനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 ബഡ്ജറ്റും യഥാർത്ഥ ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം ബഡ്ജറ്റിൽ_വകയിരുത്തിയതിൽ കവിഞ്ഞ ഏതെങ്കിലും ചെലവ് ഒരു പഞ്ചായത്ത് വരുത്തിവെയ്ക്കാൻ പാടില്ലാത്തതാണ്. എന്നാൽ സ്ഥാപനത്തിന്റെ 2019-20 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ഉൾപ്പെടാത്ത പല ഇനങ്ങൾക്കും, ചില ഇനങ്ങൾക്ക് വകയിരുത്തിയതിൽ കൂടുതലും ചില ഇനങ്ങൾക്ക് കുറവും തുക ചെലവഴിച്ചിട്ടുണ്ട്.

## എസ്റ്റാബ്ളിഷ് മെന്റ് ചെലവുകൾ

2019-20 വർഷം സ്ഥാപനം എസ്റ്റാബ്ളിഷ്മെന്റ് ചെലവുകൾക്കായി 1,02,73,300 ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 87,18,840/- രൂപയാണ്.

അഡ് മിനിസ്ട്രേറ്റീവ് ചെലവുകൾ

അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി 8,95,500/-രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 8,02,348/- രൂപയാണ്.

## സംരക്ഷണവും നടത്തിപ്പും (Operations & Maintenance)

**സംരക്ഷണ നടത്തിപ്പ് ചെലവുകൾക്കായി 10,35,000/-രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 12,33,572/- രൂപയാണ്.** ഏതാനും ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

### 1-11-1 അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ -ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ തുക ചെലവഴിച്ചു

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം വകയിരുത്തൽ | 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 2201101 | ഓഫീസ് ചെലവുകൾ | 1,50,000 | 2,56,486 |

### 1-11-2 ബജറ്റിൽ വകയിരുത്തിയതിലും കുറഞ്ഞ നിരക്കിൽ തുക ചെലവഴിച്ചു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം വകയിരുത്തൽ | 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| 2 | 2707001 | തെരഞ്ഞെടുപ്പ് ചെലവുകൾ | 1,00,000 | 18,360 |
| 3 | 2207101 | അസാധാരണ ചെലവുകൾ | 1,00,000 | 31,000 |
| 4 | 2208001 | മറ്റ് ഭരണ ചെലവുകൾ | 2,50,000 | 1,96,658 |
| 5 | 2201201 | വാർത്താ വിനിമയ ചെലവുകൾ | 80,000 | 5,655 |

### 1-11-3 എസ്റ്റാബ്ളിഷ് മെന്റ് ചെലവുകൾ- ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം വകയിരുത്തൽ | 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| 6 | 2105001 | പ്രോവിഡന്റ് ഫണ്ട് | 0 | 28080 |
| 8 | 2102002 | ഉത്സവ ബത്ത | 0 | 53250 |
| 9 | 2102002 | മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | 0 | 30000 |

### 1-11-4 വകയിരുത്തിയതിലും കുറഞ്ഞ തുക ചെലവഴിച്ചു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് | 2019-20 വർഷത്തെ വാർഷിക കണക്കുകൾ |
|---|---|---|---|---|

| | | | പ്രകരം വകയിരുത്തൽ | പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | 2101001 | ശമ്പളം | 70,00,000 | 58,35,401 |
| 3 | 2102001 | യാത്രാ ബത്ത | 3,00,000 | 2,19,488 |
| 4 | 2102002 | മറ്റ് ബത്തകൾ | 1,00,000 | 1200 |
| 5 | 2102003 | ജന പ്രതിനിധികൾക്കുള്ള ഹോണറേറിയം | 13,50,000 | 1252200 |
| 7 | 2103001 | പെൻഷൻ കോൺട്രിബ്യൂഷൻ | 573300 | 528118 |
| 10 | 2102004 | ജന പ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ | 1,50,000 | 1,42,650 |

**1-11-5 സംരക്ഷണ നടത്തിപ്പ് ചെലവുകൾ- ബജറ്റിൽ വകയിരുത്തൽ ഇല്ലാതെ ചെലവഴിച്ചു.**

സംരക്ഷണ നടത്തിപ്പ് ചെലവുകൾക്കായി 10,35,000/-രൂപ ബജറ്റിൽ വകയിരുത്തിയെങ്കിലും യഥാർത്ഥ ചെലവ് 12,33,572/- രൂപയാണ്. എതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഡീറ്റൈൽഡ് ഹെഡ് കോഡ് | ഇനവിവരം | 2019-20 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് പ്രകരം വകയിരുത്തൽ | 2019-20 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ചെലവ് |
|---|---|---|---|---|
| | 2308001 | സാനിറ്റേഷൻ ചെലവുകൾ | 0 | 82,000 |
| | 2305005 | കുടിവെള്ള സ്രോതസ്സുകൾ | 0 | 2,54,375 |

**1-12 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെലവുകൾസംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| 1 | കുമ്മായമൂല അംഗനവാടി കെട്ടിട നിർമ്മാണം വിഹിതം നൽകൽ<br>പൊതുമരാമത്ത് കെട്ടിട വിഭാഗം, എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>പ്രോജക്ട് 6/2020 | 580000 | 1)10/19-20/23.10.19<br>131000(General)<br>2)11/19-20/23.10.19<br>449000(CFC) |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്.

**1-13 തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

തരിയോട് ഗ്രാമ പഞ്ചായത്ത് 2019-20 വർഷം താഴെ പറയുന്ന വിധം തെരുവു

വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്രോജക്ട് നം 142/ 2020 (സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ)

അടങ്കൽ -725178 (CFC)

ചെലവ് 724700(CFC)

ബിൽ നം 1) 17/19-20/13.3.20 464100

2) 2020-21 ൽ ചെലവ് 260600(11.4.20)

സ്ട്രീറ്റ് ലൈറ്റ് വിതരണം ചെയ്ത സ്ഥാപനം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് കൊല്ലം

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചത് താഴെ പറയും വിധമാണ്.

| വാർഡ് നം | LED Light 25W Automatic | LED Light 25W Manual |
|---|---|---|
| 1 | 13 | 0 |
| 2 | 13 | 0 |
| 3 | 13 | 0 |
| 4 | 13 | 0 |
| 5 | 13 | 0 |
| 6 | 12 | 8 |
| 7 | 13 | 3 |
| 8 | 13 | 5 |
| 9 | 15 | 14 |
| 10 | 13 | 0 |
| 11 | 13 | 26 |
| 12 | 14 | 0 |
| 13 | 13 | 32 |
| ആകെ | 171 | 88 |

സ്ട്രീറ്റ് ലൈറ്റ് രജിസ്ററിൽ മേൽ തെരവുവിളക്കുകൾ സ്ഥാപിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല.

1-14 വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| 1 | കളരിക്കോട് കുന്ന് അംഗനവാടി വാട്ടർ കണക്ഷൻ<br>കേരള വാട്ടർ അതോറിറ്റി, എക്സിക്യുട്ടീവ് എഞ്ചിനീയർ | 21000<br>MG(Non Road) | 24/19-20/16.11.2019 |
| 2 | ശാന്തി നഗർ | 57000 | 23/19- |

| | | | |
|---|---|---|---|
| | ചെന്നലോഡ് അംഗനവാടി,<br>വാട്ടർ കണക്ഷൻ<br>കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ | MG(Non Road) | 20/16.11.2019 |
| 3 | 11 ആം മൈൽ അംഗനവാടി വാട്ടർ കണക്ഷൻ<br>കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയർ | 37000<br>MG(Non Road) | 22/19-20/16.11.2019 |

വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും ഹാജരാക്കേണ്ടതാണ്

1-15 കരാറുകാരന് അധികം തുക നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രവൃത്തികളിൽ

അധികം തുക കരാറുകാരന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)മൈത്രി നഗർ കമ്മ്യൂണിറ്റി ഹാൾ വയറിംഗ് പ്രോജക്ട് നം 149/20

അടങ്കൽ 75000(വികസന ഫണ്ട്)

കരാറുകാരൻ ബേസിൽ( എസ്റ്റിമേറ്റ് നിരക്ക്)

എം ബുക്ക് 8/19-20

ചെലവ് 75000 (ബിൽ നം 31/19-20/13.3.20)

6 % GST തുകയും ഇലക്ട്രിക്കൽ എഞ്ചിനീയർക്കുള്ള പ്രതിഫലവും കരാറുകാരന് അധികം നൽകി

| ബിൽ പ്രകാരം കരാറുകാരന് നൽകിയ തുകയുടെ കണക്ക് | കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ട തുകയുടെ കണക്ക് |
|---|---|
| Value Of Work 58829<br>(+) 18% GST 10589<br>69418<br>(+)Remuneration & 2829<br>Honorarium To<br>Electrical Engineer<br>------------------- | Value Of Work 58829<br>(+) 12% GST 7059<br>-----------------------<br>65888<br>(+)Remuneration & 2353<br>Honorarium To<br>Electrical Engineer |

| | |
|---|---|
| Total 72247<br>(+) GST 12% 8670<br>----------------------<br>Total 80917<br>(-) IT 809<br>(-)Kcwwf 809<br>(-)CGST 809<br>(-)SGST 809<br>-----------------------<br>77681<br>ഫണ്ട് ലഭ്യത കുറവായതിനാൽ<br>71764 രൂപ കരാറുകാരന് നൽകി | ------------------<br>Total 68241<br>(-) 2353<br>----------------------<br>Total 65888<br>(-) IT 588<br>(-)Kcwwf 588<br>(-)CGST 588<br>(-)SGST 588<br>-----------------------<br>63536 |
| കരാറുകാരന് അധികം നൽകിയത് | 71764-63536= 8228 രൂപ |

കരാറുകാരന് അധികം നൽകിയ 8228 രൂപ തിരികെ ഈടാക്കേണ്ടതാണ്.

1-16 GST ബിൽ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഇനം, തുക കൈപ്പറ്റിയ സ്ഥാപനം | ചെലവ് തുക | വൗച്ചർ നം., തീയതി |
|---|---|---|---|
| 1 | ന്യൂട്രിമിക്സ് GST തുക നൽകിയത്<br>മൈത്രി ന്യൂട്ടിമിക്സ് യൂണിറ്റ്, വടുവൻചാൽ | 70117 | 1)4/19-20/17.9.19 |

സർക്കാർ ഉത്തരവ് GO(Rt) 1450/2018/Lsgd 25.5.18 പ്രകാരം അമൃതം ന്യൂട്ടിമിക്സിന്റെ വില

GST ഉൾപ്പെടുത്തി ഭേദഗതി വരുത്തി വില പുനർ നിർണ്ണയിച്ചു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 21.7.17 മുതൽ 26.6.2018 വരെ മൈത്രി ന്യൂട്ടിമിക്സ് യൂണിറ്റ്, വടുവൻചാൽ തരിയോട് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള അംഗനവാടികളിൽ വിതരണം ചെയ്ത ന്യൂട്രിമിക്സിന്റെ വിലയുടെ GST വിഹിതം 70117 രൂപ മൈത്രി ന്യൂട്ടിമിക്സ് യൂണിറ്റ്, വടുവൻചാൽ എന്ന സ്ഥാപനത്തിന് നൽകി. എന്നാൽ മേൽ സ്ഥാപനം GST ബിൽ അല്ല

ഹാജരാക്കിയത്. GST അടവാക്കിയ വിവരവും ഹാജരാക്കിയിട്ടില്ല

1-17 ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവം - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചോ എന്ന് ഉറപ്പുവരുത്താനായില്ല.

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ശരിയായ മോണിറ്ററിംഗ് നടത്താതിരുന്നതിനാൽ പദ്ധതികൾ ഉദ്ദേശ്യ ലക്ഷ്യം പൂർത്തീകരിച്ചോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല. വാർഷിക പദ്ധതികൾ

തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ. തി. 29-1-2018, ഖണ്ഡിക 13.1 പ്രകാരം പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിയ്ക്കും നൽകേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 14/19-20 |
| പ്രോജക്ട് | പുരയിട കൃഷി വികസനം |
| വികസന ഫണ്ട് പൊതു വിഭാഗം (സാധാ) | 503600 |
| ഗു.ഭോ.വിഹിതം | 125900 |
| ആകെ | 629500 |
| ചെലവ് | 222262 |
| ബിൽ നം | 7/2019-20<br>8/19-20 |

പ്രോജക്ടിൽ ജൈവവളവും, കുമ്മായവും മറ്റും ഗുണഭോക്താക്കൾക്കിടയിൽ വിതരണം നടത്തിയെങ്കിലും അവ ഗുണഭോക്താക്കൾ ഫലപ്രദമായി ഉപയോഗപ്പെടുത്തിയോ എന്നതിന് മോണിറ്ററിംഗ് നടന്നതായുള്ള മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടോ മറ്റു രേഖകളോ പരിശോധനയിൽ കാണുവാനായി സാധിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 15/19-20 |
| പ്രോജക്ട് | പച്ചക്കറി തൈ വിതരണം |
| വികസന ഫണ്ട് പൊതു വിഭാഗം (സാധാ) | 2,00,000/- |
| ചെലവ് | 2,00,000/- |

മേൽ പ്രോജക്ടിൽ പച്ചമുളക്, തക്കാളി, വഴുതിന, കാബേജ് എന്നീ പച്ചക്കറി ഇനങ്ങളുടെ ഒരു ലക്ഷം തൈകൾ ഗുണഭോക്താക്കൾക്കിടയിൽ വിതരണം നടത്തിയെങ്കിലും അവ ഗുണഭോക്താക്കൾക്ക് ഫലപ്രദമായി വളർത്തിയെടുക്കാനോ അവയിൽ നിന്നും മെച്ചപ്പെട്ട രീതിയിൽ പച്ചക്കറികൾ ഉൽപാദിപ്പിക്കാനോ അവ മാർക്കറ്റിൽ എത്തിക്കാനോ അല്ലെങ്കിൽ സ്വന്തം ഉപയോഗത്തിനെങ്കിലും ഉൽപാദിപ്പിക്കാനായോ എന്നു തെളിയിക്കുന്നതിനായി ഫലപ്രദമായ മോണിറ്ററിംഗ് നടന്നതായുള്ള മോണിറ്റിംഗ് കമ്മിറ്റി റിപ്പോർട്ടോ മറ്റു രേഖകളോ ഇല്ല. ഇക്കാരണങ്ങളെല്ലാം തന്നെ മേൽ പദ്ധതികൾക്ക് ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞോ എന്ന് ഉറപ്പു വരുത്താനായി സാധിച്ചിട്ടില്ല എന്ന് ഓഡിറ്റ് കരുതുന്നു. അപാകങ്ങൾക്കുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1-18 മെഡിക്കൽ ഓഫീസർ ഹോമിയോ- എൻ. ആർ.എച്ച്.എം- പദ്ധതിപ്പണം അറ്റൻഡർക്ക് വേതനം നൽകുന്നതിനായി ചെലവഴിച്ചു

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങലും അനുബന്ധ ചെലവുകളും എന്ന പദ്ധതിയിൽ നിന്നും എൻ.ആർ.എച്ച്.എം -നായി നിയമിതയായ അറ്റൻഡർക്ക് വേതനം നൽകുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട് . വിശദാംശങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 160/2019-20 |
| പ്രോജക്ട് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങലും അനുബന്ധ ചെലവുകളും |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം) |
| അടങ്കൽ | 4,00,000/- |
| ചെലവ് | 3,76,200/- |

മേൽ പദ്ധതിയിൽ 3,00,000/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. എന്നാൽ ഭരണ സമിതി തീരുമാനം നം. 4/7 തിയ്യതി 29-6-2019 - പ്രകാരം എൻ.ആർ.എച്ച്.എം. പദ്ധതിയ്ക്കായി നിയമിതയായ അറ്റൻഡർക്ക് 76,200/- രൂപ താഴെ പറയും പ്രകാരം വേതനം നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം | തിയ്യതി | വേതനം നൽകിയ തുക |
|---|---|---|
| 2/19-20 | 5-9-2019 | 8100/- |
| 3/19-20 | 20-9-2019 | 8100/- |
| 4/19-20 | 4-10-2019 | 7800/- |
| 5/19-20 | 26-11-2019 | 11000/- |
| 6/19-20 | 19-12-2019 | 10400/- |
| 9/19-20 | 14-1-2020 | 10000/- |
| 10/19-20 | 14-2-2020 | 10800/- |
| 11/19-20 | 2-3-2020 | 10000/- |
| ആകെ | | 76200/- |

14-2-2018-ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ, സബ്സിഡി മാർഗ്ഗ രേഖ ഖണ്ഡിക 8-10 പ്രകാരം പ്രോജക്ടിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ചില ഇളവുകൾ അനുവദിച്ചിട്ടിണ്ടെങ്കിലും അറ്റൻഡർക്ക് വേതനം നൽകൽ ഈ ഗണത്തിലും വരുന്നില്ല.

മെയിന്റനൻസ് ഫണ്ട് ( റോഡിതരം) ചെലവഴിച്ച് നടത്തിയ പ്രസ്തുത പദ്ധതിയിൽ നിന്നും 76200/- രൂപ അറ്റൻഡർക്ക് വേതനം നൽകാനായി ഉപയോഗിച്ചതിനുള്ള കാരണം വിശദീകരിക്കേണ്ടതും ആയതിനുള്ള അനുമതി ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

വെറ്ററിനറി സർജൻ നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി എന്ന പദ്ധതി വേണ്ടത്ര ആസൂത്രണമില്ലാതെയും ഫണ്ട് വകയിരുത്താതെയും നടപ്പിലാക്കിയതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 52/2019-20 |
| പേര് | ക്ഷീര കർഷകർക്ക് പാലിന് |

| | |
|---|---|
| | സബ്സിഡി |
| അടങ്കൽ | 13,00,000/-<br>വികസന ഫണ്ട് (ജനറൽ) - 5,00,000<br>ബ്ളോക്ക് പഞ്ചായത്ത് വിഹിതം- 4,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 4,00,000 |
| ചെലവ് | 4,72,618/- |
| ബിൽ നം. | 5/19-20- 4,72,618/- |

ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുക (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ) എന്നതാണ് പ്രോജക്ടിൽ വിഭാവനം ചെയ്യുന്നത്. ധാരാളം ക്ഷീര കർഷകരുള്ള ഗ്രാമപഞ്ചായത്തായതിനാൽ ദിവസേന 5000 ലിറ്റർ പാൽ വരെ ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട് എന്നിരിക്കേ വേണ്ടത്ര ആസൂത്രണമില്ലാതെയും ഫണ്ട് വകയിരുത്താതെയും പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനാൽ ക്ഷീര കർഷകർക്ക് ലിറ്ററിന് 1 രൂപ പോലും സബ്സിഡി നൽകാൻ കഴിയാത്ത അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഒരു ലിറ്റർ പാലിനായി 0.8236 പൈസ മാത്രമാണ് ഈ പദ്ധതി പ്രകാരം കർഷകർക്ക് നൽകാനായി കഴിഞ്ഞിട്ടുള്ളത്. ഗ്രാമ പഞ്ചായത്ത് മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പാലിന് സബ്സിഡി പദ്ധതികളിലും ഇതേ അവസ്ഥതന്നെയാണ് ഉണ്ടായിരുന്നത് എന്നാണ് പരിശോധനയിൽ ബോധ്യപ്പെട്ടത്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, വർക്കിംഗ് ഗ്രൂപ്പോ ഇക്കാര്യത്തിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. നാല് ലക്ഷം രൂപ വീതം ബ്ളോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും ഉണ്ടായിരുന്നിട്ടും ആയത് ഈ പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്താതിരുന്നതിന്റെയും പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാതിരുന്നതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ്.

## <u>1- 20 നിഷ്ക്രിയ അക്കൗണ്ട് - തുക തിരിച്ചടച്ചത് - രേഖകൾ ഹാജരാക്കിയില്ല.</u>

വി.ഇ. ഒ യുടെ പേരിൽ ചുവടെ കൊടുക്കുന്ന നിഷ്ക്രിയ അക്കൗണ്ടുകളിലെ നീക്കിബാക്കി ട്രഷറിയിൽ അടവാക്കിയിട്ടുണ്ട്. ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിബാക്കി ട്രഷറിയിൽ ഒടുക്കിയ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ബാങ്ക് അക്കൗണ്ട് നം | 31.03.2019ൽ ബാങ്ക് അക്കൗണ്ടിലെ നീക്കിബാക്കി | അടവാക്കിയ തുക ചലാൻ നം. |
|---|---|---|---|
| 1 | 001001008525 ( തരിയോട് സർവീസ് സഹകരണ ബാങ്ക് ) | 12040 | 12241<br><u>KL 007009910201920 M</u><br>7.09.2019 |
| 2 | 001003008504 ( തരിയോട് സർവീസ് സഹകരണ ബാങ്ക് ) | 74111 | 75346<br><u>KL007010056201920M</u><br>07.09.2019 |

07.09.2019 ൽ മേൽ പട്ടികയിൽ സൂചിപ്പിച്ച ബാങ്ക് അക്കൗണ്ടുകളിലെ നീക്കിബാക്കിയുടെ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/ 19-20 / 29.03.2021 ) മറുപടി സമർപ്പിച്ചിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-21 ലൈഫ് രണ്ടാം ഘട്ടം - അഡ്വാൻസ് നലകിയിട്ടും നാളിതുവരെയായിട്ടും ഭവന</u>

നിർമ്മാണം ആരംഭിച്ചില്ല.

ലൈഫ് ഭവനപദ്ധതി രണ്ടാം ഘട്ടത്തിൽ ഗീത ശങ്കരൻകുട്ടി എന്നവർക്ക് ഭവനനിർമ്മാണത്തിന് മുൻകൂറായി 26.06.2018 ൽ 40,000/- രൂപ നൽകിട്ടുണ്ട്. നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. മുൻകൂർ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 9/ 19-20 / 29.03.2021 ) നൽകിയ മറുപടി ചുവടെ ചേർക്കുന്നു.
പ്രസ്തുത വിഷയം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും, ഭരണസമിതിയുടെ 28/12/2019 തീയതിയിലെ 5/1 -ാം നമ്പർ തീരുമാന പ്രകാരം ഗുണഭോക്താവിന് തുക തിരിച്ചടയ്ക്കുന്നതിന് കത്ത് അയച്ചിട്ടുണ്ടെങ്കിലും നാളിതു വരെ തുക തിരിച്ചടച്ചിട്ടില്ല.
തുക തിരികെ ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ടി. ഇ. ഒ - പദ്ധതി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

2019 – 20 ൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ചുവടെ കൊടുക്കുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പദ്ധതി - പേര്, നം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണം - 106/19-20 | 20000 | 197581 |
| 2 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട , ബാഗ് വിതരണം - 150/ 19-20 | 400000 | 318722 |
| | ആകെ | 650000 | 516303 |

ഫയലുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നെങ്കിലും 29.03.20121 വരെയും ഹാജരാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 15/ 19-20 / 29.03.2021 ) മറുപടി ഹാജരാക്കിയിട്ടില്ല.
രേഖകൾ ഹാജരാക്കുന്നതിന് സമൻസ് അയച്ചതിന് 27.04.2021 ൽ ഓഡിറ്റ് ജില്ലാ കാര്യാലയത്തിൽ ഹാജരാവുകയും രേഖകൾ 06.05.2021 ൽ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിരുന്നു. എന്നാൽ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 516303 രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

3-1 കരാറുകാരന് അധികം തുക നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രവൃത്തികളിൽ

അധികം തുക കരാറുകാരന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)മൈത്രി നഗർ കമ്മ്യൂണിറ്റി ഹാൾ വയറിംഗ് പ്രോജക്ട് നം 149/20

അടങ്കൽ 75000(വികസന ഫണ്ട്)

കരാറുകാരൻ ബേസിൽ( എസ്റ്റിമേറ്റ് നിരക്ക്)

എം ബുക്ക് 8/19-20

ചെലവ് 75000 (ബിൽ നം 31/19-20/13.3.20)

6 % GST തുകയും ഇലക്ട്രിക്കൽ എഞ്ചിനീയർക്കുള്ള പ്രതിഫലവും കരാറുകാരന് അധികം നൽകി

| ബിൽ പ്രകാരം കരാറുകാരന് നൽകിയ തുകയുടെ കണക്ക് | കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ട തുകയുടെ കണക്ക് |
|---|---|
| Value Of Work 58829<br>(+) 18% GST 10589<br>69418<br>(+)Remuneration & 2829<br>Honararium To<br>Electrical Engineer<br>------------------<br>Total 72247<br>(+) GST 12% 8670<br>----------------------<br>Total 80917<br>(-) IT 809<br>(-)Kcwwf 809<br>(-)CGST 809<br>(-)SGST 809<br>-----------------------<br>77681<br>ഫണ്ട് ലഭ്യത കുറവായതിനാൽ<br>71764 രൂപ കരാറുകാരന് നൽകി | Value Of Work 58829<br>(+) 12% GST 7059<br>----------------------<br>65888<br>(+)Remuneration & 2353<br>Honararium To<br>Electrical Engineer<br>------------------<br>Total 68241<br>(-) 2353<br>----------------------<br>Total 65888<br>(-) IT 588<br>(-)Kcwwf 588<br>(-)CGST 588<br>(-)SGST 588<br>-----------------------<br>63536 |
| കരാറുകാരന് അധികം നൽകിയത് | 71764-63536= 8228 രൂപ |

കരാറുകാരന് അധികം നൽകിയ 8228 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2019-20 | | ----- |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2019-20 വർഷത്തെ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച് തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര് | ലഭിച്ച വർഷം | ലഭിച്ച തുക | ചെലവ് | ബാക്കി |
|---|---|---|---|---|---|
| | ബ്ലോക്ക്പഞ്ചായത്ത് | | | | |
| 1 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികവർഗ്ഗം | | 1,40,000 | 1,40,000 | -- |
| 2 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - ജനറൽ | | 50000 | 50000 | -- |
| | ജില്ലാപഞ്ചായത്ത് | | | | |
| 3 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - ജനറൽ | | 1370000 | 1370000 | -- |
| 4 | ലൈഫ് മിഷൻ - ഭവന നിർമ്മാണം - പട്ടികജാതി | | 100000 | 100000 | -- |
| | | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

RP – 32 ൽ Loan From KURDFC - എന്ന ഹെഡിൽ 16,59, 770 രൂപ വരവും, B-5 ൽ തിരിച്ചടവാക്കാനുള്ള വായ്പതുക 63,66,706 രൂപയുമാണ്. ഹാജരാക്കിയ വായ്പ രജിസ്റ്ററിലെ തുകകളുമായി ഇവ വ്യത്യാസപ്പെട്ടിരിക്കുന്നു. അപാകതകൾ പരിഹരിച്ച് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേരും | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 1997-98 | 45 | 357 | ഓമനൻ കെ | 119050103198/09.03.2020 |
| 1996-97 | 35 | 96 | ഷംസുദ്ദീൻ | 119050103203/10.03.2020 |
| 1997-98 | 39 | 70 | സ്റ്റെല്ലാ ലാസർ | 119050103208/10.03.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ

വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2001-02 | 10 | മണൽലേലം,മുൻകൂർ നൽകിയ മരാമത്ത് വേല സംബന്ധിച്ച് | സമിതിയുടെ പരിഗണനയിൽ |
| 1998-99 | 3-3 | 2005-06 | 79(1) | പെൻഷൻ വിതരണത്തിൽ അപാകത | സമിതിയുടെ പരിഗണനയിൽ |
| 2005-06 | 3-4 | 2008-09 | 3.9.4 | കുടുംബശ്രീ മുഖേനെ വീട് നിർമ്മാണം-വീടുകൾ പൂർത്തീകരിച്ചിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| 2017-18 | | | | | |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

| റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയ തിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം. |
|---|---|
| 1996-97 | എൽ . എഫ് പി 2-532/98/17.11.98 |
| 1997-98 | എൽ. എഫ് (ഡബ്ല്യൂ) പി 3-624/00/28.3.01 |
| 1998-99,Plan | എൽ. എഫ് (ഡബ്ല്യൂ)പി 1-88/2007/2.3.07 |
| 1998-99 | എൽ . എഫ് (ഡബ്ല്യൂ )പി 3-607/04/5.8.2005 |
| 1999-00 | എൽ. എഫ് (ഡബ്ല്യൂ )പി 3-294/04/3.8.06 |
| 2000-01,Plan | എൽ. എഫ് (ഡബ്ല്യൂ )പി 1-295/04/31.12.2004 |
| 2001-02,Plan | എൽ. എഫ് (ഡബ്ല്യൂ )പി 1-296/04/3.8.06 |
| 2001-02 | എൽ. എഫ് (ഡബ്ല്യൂ )പി 1 -168/07/13/08/19 |
| 2002-03 | എൽ. എഫ് (ഡബ്ല്യൂ )പി 1-400/07/16/08/19 |
| 2003-04 | എൽ. എഫ് (ഡബ്ല്യൂ )പി 1-1118/08/ 18/08/19 |
| 2004-05 | എൽ. എഫ് (ഡബ്ല്യൂ )പി 1-1117/08/16/8/19 |
| 2005-06 | എൽ. എഫ് (ഡബ്ല്യൂ )പി 1-1168/08/3.3.2009 |
| 2006-07 | എൽ. എഫ് (ഡബ്ല്യൂ )പി 1-661/10/13/8/19 |
| [illegible] | [illegible] |

| | |
|---|---|
| 2007-08 | എൽ. എഫ് (ഡബ്ല്യു )പി 1-90/13/16/8/19 |
| 2008-09 | എൽ. എഫ് (ഡബ്ല്യു )പി 1-377/13/13.5.14 |
| 2009-10 | എൽ. എഫ് (ഡബ്ല്യു )പി 1-407/13/11.10.2013 |
| 2010-11 | എൽ. എഫ് (ഡബ്ല്യു )പി 1-221/14/15.7.14 |
| 2011-12 | എൽ. എഫ് (ഡബ്ല്യു )പി 1-258/14/18.2.15 |
| 2012-13 | എൽ. എഫ് (ഡബ്ല്യു )പി 1-215/15/23.3.15 |
| 2013-14, 2014-15 | കെ.എസ്.എ .ഡബ്ല്യു.വൈ.ഡി പി1-22/16/4.4.2017 |
| 2015-16 | നം.കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) .പി.1/772/16/13/8/19 |
| 2016-17 | നം.കെ.എസ്.എ(ഡബ്ല്യു.വൈ.ഡി) .പി.1/902/17/17/03/2018 |
| 2017-18 | നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-855/18 10.12.2018 |
| 2018 – 19 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8228 | വിഷ്ണു ടി സി,അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | --ഇല്ല-- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| --ഇല്ല-- | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| നിർവഹണ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗ പേരും. | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| വിഷ്ണു ടി സി | -- | തളിക്കുളം, ചീയാരം പി.ഒ, തൃശ്ശൂർ , |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്